"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം ലൈബ്രേറിയൻ ശ്രീ. അപ്പുട്ടി. കെ യ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.64/2024/LSGD തീയതി,തിരുവനന്തപുരം, 08-01-2024

---

പരാമർശം:- 1. സ.ഉ(പി)നം 8/2017/ഉഭപവ, തീയതി 05.07.2017.

2. പഞ്ചായത്ത് ഡയറക്ടറുടെ 09.12.2021 ലെ ഇ13-13494/2021 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം ലൈബ്രേറിയൻ ശ്രീ . അപ്പുട്ടി . കെ യ്ക്ക് 10.02.2021 മുതൽ 31.12.2021 വരെ 325 ദിവസത്തേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന് മേൽ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർ ശം ( 2 ) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പഞ്ചായത്തുകളിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് കേരള പാർട്ട് ടൈം കണ്ടിജന്റ് റൂൾസ് പ്രകാരമുള്ള സേവന വ്യവസ്ഥകളാണ് നിലവിൽ പിൻതുടരുന്നത് . പരാമർശം (1) ഉത്തരവ് പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പ്രത്യേക സാഹചര്യങ്ങളിൽ / മെഡിക്കൽ ആവശ്യങ്ങൾക്ക് പരമാവധി 2 4 0 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കാവുന്നതാണ് .

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം ലൈബ്രേറിയൻ ശ്രീ . അപ്പുട്ടി . കെ യ്ക്ക് ടിയാൻ സമർപ്പിച്ചിരിക്കുന്ന അവധി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റുകളും പരിഗണിച്ച് ടിയാൾക്ക് കേരള പാർട്ട് ടൈം കണ്ടിജന്റ് ചട്ടം 14(b) പ്രകാരവും പരാമർശം (1) ഉത്തരവ് പ്രകാരവും , ടി ചട്ടങ്ങളിൽ ഇളവ് നൽകി 10.02.2021 മുതൽ 31.12.2021 വരെയുള്ള കാലയളവ് ആർജിതാവധിയ്ക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തസ്വഭവ, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, കോഴിക്കോട് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

സെക്രട്ടറി, കടലുണ്ടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

ശ്രീ. അപ്പുട്ടി കെ, പാർട്ട് ടൈം ലൈബ്രേറിയൻ, കടലുണ്ടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ധനവകുപ്പ് (01.11.2023ലെ 41/ഡെവ-1/2023/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(306/ഇപിഎ2/2021/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 09-01-2024 11:59:09

സെക്ഷൻ ഓഫീസർ